**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4749** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ദിവസം എത്ര വരുമാനം ലഭിക്കുന്നുണ്ടെന്ന കണക്ക് ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | ലഭ്യമല്ല. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ലഭിക്കാത്ത ദിവസങ്ങൾ ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | അതിതീവ്ര ചുഴലിക്കാറ്റുപോലുള്ള കാലാവസ്ഥ മുന്നറിയിപ്പ് മൂലം കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ദിവസങ്ങളിലും എല്ലാവർഷവും ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന സമയങ്ങളിൽ യന്ത്രവത്കൃത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ അത്തരം യാനങ്ങളിലെ തൊഴിലാളികൾക്ക് ആ സമയത്ത് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. എന്നാൽ പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസക്കാലം വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | വരുമാനമില്ലാത്ത ദിവസങ്ങളിൽ പട്ടിണി കൂടാതെ ജീവിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (സി) | കേരള തീരത്ത് മത്സ്യബന്ധനം നടത്തരുതെന്ന് ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021-ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊളിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30/07/2020-ലെ സ.ഉ(സാധാ) നം. 210/2020/ ഭ.പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

19/01/2023-ന് ചേർന്ന മന്ത്രിസഭാ യോഗ തീരമാനപ്രകാരം 2022 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20/01/2023-ലെ സ.ഉ(സാധാ) നം. 64/2023/മ.ഇ.വ നമ്പർ ഉത്തരവിലെ നിർദ്ദേശപ്രകാരം, റവന്യൂവകുപ്പ് (സ.ഉ(സാധാ) നം. 476/2023/റ.വ തീയതി 29/01/2023 പ്രകാരം) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് 50.027 കോടി രൂപ അനുവദിച്ച് നൽകുകകയും ആയത് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് 'തണൽ' പദ്ധതി. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS-ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/-രൂപ നിരക്കിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് പൂരക വേതനം നൽകിവരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനായും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോട് കൂടിയും മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നു. ഒരു നിശ്ചിത തുക (പരമാവധി 1,500/-രൂപ) വീതം പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും ശേഖരിക്കുകയും പിന്നീട് മറൈൻ മേഖലയിലെ പഞ്ഞമാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഇൻലാന്റ് മേഖലയിലെ പഞ്ഞമാസങ്ങളായ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതമായ യഥാക്രമം 1500/- രൂപ വീതം ഉൾപ്പെടുത്തി ആകെ 4,500/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു. |
| (ഡി) | മത്സ്യബന്ധനത്തിന് വിലക്കില്ലാത്ത സമയത്ത് വൻ മത്സ്യക്കൂട്ടവുമായി തിരിച്ചുവരാമെന്ന പ്രതീക്ഷയോടെ ആഴക്കടലിലേക്ക് പോകുന്നവർ നിരാശയോടെ വലിയ മാനസിക പ്രയാസവും സാമ്പത്തിക നഷ്ടവും സഹിച്ച് തിരിച്ചുവരേണ്ടിവരുന്ന സന്ദർഭങ്ങളിൽ തൊഴിലാളികളെ സർക്കാരിന് എങ്ങനെ സംരക്ഷിക്കാനും ആശ്വസിപ്പിക്കാനും കഴിയുമെന്ന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇത്തരം സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യബന്ധന യാനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്, ചെറു മത്സ്യബന്ധനം എന്നിവ ഭാവിയിൽ ഇത്തരം സാഹചര്യം സൃഷ്ടിക്കുവാൻ കാരണമായേക്കാം. അത് മനസ്സിലാക്കി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ഫിഷറീസ് വകുപ്പ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ